പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 329 | 28/05/2019 ൽ മറുപടി<br>നല്കേണ്ടത്. |

**ഭക്ഷ്യവസ്തുക്കളിലെ മായം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതും അവ വില്പന നടത്തുന്നതും തടയാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്മസ്, തുടങ്ങിയ ആഘോഷ വേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോൽസവം, ആറ്റുകാൽ പൊങ്കാല, ചക്കുളത്ത് കാവ് പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉൽസവ വേളകളിലും സ്കൂൾ കലോൽസവം തുടങ്ങിയ സമയങ്ങളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ ന്യൂനതകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുശാസിക്കുന്ന പ്രോസിക്യൂഷൻ/ അഡ്ജൂഡിക്കേഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ മത്സ്യങ്ങളിലെ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് 'ഓപ്പറേഷൻ സാഗർ റാണി' എന്ന പദ്ധതിയും ശർക്കരയിലെ മായം കണ്ടെത്തുന്നതിന് 'ഓപ്പറേഷൻ പനേല'യും വിജയകരമായി നടപ്പിലാക്കി വരുന്നു. |
| ബി) | മായം ചേർന്നത് ശ്രദ്ധയിൽ പ്പെട്ടതിനാൽ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം വെളിച്ചെണ്ണ കമ്പനികളെയാണ് നിരോധിച്ചിട്ടുള്ളത്. | ബി) | 1. പി.കെ. ഓയിൽ മിൽ, ചേവരമ്പലം, കോഴിക്കോട്.<br>2. എ.എസ്. ഓയിൽ മിൽ, 9/361 ഗണ്ണി സ്ട്രീറ്റ്, ബിഗ് ബസാർ, കോഴിക്കോട്.<br>3. ശ്രീകൃഷ്ണ ഓയിൽ & ഫ്ളോർ മിൽ, 14/336എ, കണ്ടായിതോട്, ചെറുവണ്ണൂർ, |

| | | | |
|---|---|---|---|
| | | | കോഴിക്കോട്.<br>4. അശ്വതി ഫ്ളോർ & ഓയിൽ മിൽ, ബീച്ച് റോഡ്, ബേപ്പൂർ, കോഴിക്കോട്.<br>5. പാവങ്ങാട് ഓയിൽ മിൽ, നടുവിൽ കായലോട്ട്, പാവങ്ങാട് കോഴിക്കാട്.<br>6. അശ്വതി ഓയിൽ ഇൻഡസ്ട്രീസ്, ബീച്ച് റോഡ്, കോഴിക്കോട് എന്നീ കമ്പനികളുടെ വെളിച്ചെണ്ണയാണ് നിരോധിച്ചിട്ടുള്ളത്. |
| സി) | പലചരക്ക് വ്യാപാര സ്ഥാപനങ്ങളിൽ വിൽക്കപ്പെടുന്ന വെളിച്ചെണ്ണയുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനായി പരിശോധനാസ്ക്വാഡുകളെ നിയമിക്കുമോ? | സി) | പലചരക്ക് വ്യാപാര സ്ഥാപനങ്ങളിൽ ഉൾപ്പെടെ വിൽക്കപ്പെടുന്ന വെളിച്ചെണ്ണയുടെ ഗുണനിലവാരം പരിശോധിച്ച് നിയമ പരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ